(ബി) തുഷാരഗിരിയിൽ ഗസ്റ്റ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശമില്ല. അവിടത്തെ വികസന പ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

കൊല്ലം ജില്ലയിലെ ടൂറിസം വികസനത്തിനുള്ള പദ്ധതികൾ

104 [1790] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയുടെ സർവ്വതോന്മുഖമായ ടൂറിസം വികസനത്തിനു വേണ്ടി കൊല്ലം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ എന്തൊക്കെ പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്;

(ബി) ഇവ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയുടെ സർവ്വതോന്മുഖമായ ടൂറിസം വികസനത്തിനു വേണ്ടി കൊല്ലം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ താഴെപ്പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

1. വിവിധോദ്ദേശ്യ കലാസാംസ്കാരിക സമുച്ചയം (തുക 48 ലക്ഷം)
2. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം ഫോർ ഡി.റ്റി.പി.സി. (തുക 11,96,750)
3. തിരുമുല്ലവാരം ബീച്ചിന്റെ വികസനം (തുക 23,68,000)
4. പുനലൂർ തൂക്കുപാലത്തോടനുബന്ധമായിട്ടുള്ള പാർക്കും, പരിസരവും സൗന്ദര്യവൽക്കരണം (തുക 25,00,000)
5. ആനന്ദവല്ലീശ്വരത്ത് വഴിയോര വിശ്രമകേന്ദ്രവും, വാണിജ്യ സമുച്ചയവും (BOT)
6. അഷ്ടമുടി ആഴ്ലിംഗ് കേന്ദ്രങ്ങളുടെ നിർമ്മാണം (തുക 5,75,000)
7. ഡി.റ്റി.പി.സി. ഇൻഫർമേഷൻ സെന്ററിന്റെ നവീകരണം (തുക 1,52,500)
8. കൊട്ടാരക്കരയിൽ വഴിയോര വിശ്രമകേന്ദ്രവും വാണിജ്യസമുച്ചയവും (BOT)
9. മുട്ടറ മരുതിമലയുടെ വികസനം (BOT)
10. താലൂക്ക് ഓഫീസ് ജംഗ്ഷൻ മുതൽ ആശ്രാമം വരെയുള്ള ലിങ്ക് റോഡിന്റെ നിർമ്മാണം (തുക 3,00,00,000)

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ കൊമേഴ്സിയൽ സ്വഭാവമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിൽ സ്വകാര്യ മേഖലയുടെ സഹകരണം തേടാൻ ഡി.റ്റി.പി.സി.-യോട് നിർദ്ദേശിച്ചിട്ടുണ്ട്. മറ്റ് പദ്ധതികൾ പരിഗണിക്കാവുന്നതാണ്.

സംസ്ഥാനത്തെ ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് നടപടി

105 [1791] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗസ്റ്റ് ഹൗസുകൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഗസ്റ്റ് ഹൗസുകൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് പാട്ട വ്യവസ്ഥയിൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) കെ. ടി. ഡി. സി.-യുടെ എത്ര സ്ഥാപനങ്ങൾ സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) തിരുവനന്തപുരത്ത് കെ.ടി.ഡി.സി. ആസ്ഥാന മന്ദിരം എവിടെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) വാടക കെട്ടിടത്തിലാണോ ഓഫീസ് പ്രവർത്തിക്കുന്നത് എങ്കിൽ ഇതിന്റെ വാടക എത്ര;

(എഫ്) കെ.ടി.ഡി.സി. പുതിയ ഹോട്ടലുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥലങ്ങളിൽ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഗസ്റ്റ് ഹൗസുകളുടെ നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഇല്ല.

(സി) കെ.റ്റി.ഡി.സി.-യുടെ ഒരു സ്ഥാപനവും സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly